(സി) 622 പേർ.

(ഡി) 699 പേർ ദിവസക്കൂലിപ്രകാരം ജോലി ചെയ്യുന്നുണ്ട്.

(ഇ) 1021 പേർ.

(എഫ്) ബിവറേജസ് കോർപ്പറേഷനിലെ നിയമനങ്ങൾ പി.എസ്.സി. മുഖാന്തിരമാക്കിയിട്ടുണ്ടെങ്കിലും നിയതമായ നിയമനം നടത്തിയിട്ടില്ല. നിയമനരീതി സംബന്ധിച്ചുള്ള സ്പെഷ്യൽ റൂൾസ് സർക്കാരിന്റെ പരിഗണനയിലാണ്.

ബാർ ലൈസൻസ് ഫീസ് വർദ്ധനവ്

63 [1000] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ സംസ്ഥാനത്ത് എത്ര ബാറുകൾ ഉണ്ട്;

(ബി) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി എത്ര ബാറുകൾക്ക് ലൈസൻസ് നൽകിയിട്ടുണ്ടെന്ന് പറയാമോ;

(സി) 2005-2006-ലെ അബ്കാരി നയത്തിൽ ബാറുകളുടെ ലൈസൻസ് ഫീസ് വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ലൈസൻസ് ഫീസ് വർദ്ധനവിന്റെ ഫലമായി എത്ര തുകയാണ് കൂടുതലായി ലഭിച്ചതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇപ്പോൾ സംസ്ഥാനത്ത് 523 ബാറുകൾ നിലവിലുണ്ട്. ഇതിൽ നാലെണ്ണം ഈ വർഷം പ്രവർത്തിക്കുന്നില്ല.

(ബി) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 62 ബാറുകൾക്ക് പുതുതായി ലൈസൻസ് നൽകിയിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

എക്സൈസ്-പോലീസ് വകുപ്പുകളുടെ അനൈക്യം

64 [1001] *ശ്രീ. കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്പിരിറ്റ് കടത്ത് സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അവയുടെ കോടതി നടപടികൾ ഏതുവരെയായിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) എക്സൈസ് വകുപ്പും പോലീസ് വകുപ്പും തമ്മിലുള്ള ഏകോപനവും സഹകരണവും ഇല്ലാത്തതുകാരണം ഇത്തരം കേസ്സുകളിൽ യഥാർത്ഥ പ്രതികളെ പിടികൂടാൻ കഴിയുന്നില്ലെന്ന കാര്യം ശരിയാണോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എക്സൈസ് വകുപ്പ് സ്പിരിറ്റ് കള്ളക്കടത്തുമായി ബന്ധപ്പെട്ട് 154 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 139 കേസ്സുകൾ അന്വേഷണത്തിലാണ്. 15 കേസ്സുകൾ കോടതിയിൽ ചാർജ്ജ്ഷീറ്റ് സമർപ്പിച്ചിട്ടുണ്ട്. ഇതിൽ ഒരു കേസ് വിചാരണയിലിരിക്കുന്നതും രണ്ട് കേസ്സുകൾ തീർപ്പാക്കിയിട്ടുള്ളതുമാണ്. 12 കേസ്സുകൾ കോടതിയിൽ പെൻഡിംഗ് ആണ്. പോലീസ് വകുപ്പിനെ സംബന്ധിച്ച് വിവരം ശേഖരിച്ചുവരുന്നു.

(ബി) എക്സൈസ് വകുപ്പ് കണ്ടുപിടിക്കുന്ന കേസ്സുകളുടെ അന്വേഷണം എക്സൈസ് വകുപ്പും പോലീസ് വകുപ്പ് കണ്ടുപിടിക്കുന്ന കേസ്സുകളുടെ അന്വേഷണം പോലീസ് വകുപ്പുമാണ് നടത്തുന്നത്. ആയതിനാൽ ഇത്തരം കേസ്സുകളിൽ യഥാർത്ഥ പ്രതികൾ രക്ഷപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം

65 [1002] *ശ്രീ. എം. പ്രകാശൻ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായ അപേക്ഷകൾ, പണം അനുവദിക്കാത്തതുമൂലം കെട്ടിക്കിടക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അപേക്ഷകർക്കെല്ലാം വിവാഹ ധനസഹായം അനുവദിക്കുന്നതിന് ആവശ്യമായ തുക നീക്കിവയ്ക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly